മതപരങ്ങളും സാമുദായികങ്ങളുമായ കലാപങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടിട്ടുണ്ട്. കരുതിയിരിക്കുന്നതു് എപ്പോഴും കൊള്ളാം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

(20 ജനുവരി, 1987)

# 8. സോവിയററ് റഷ്യയിൽ മുതലാളിത്തം?

ആഭ്യന്തരവൈരുദ്ധ്യങ്ങളാൽ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ തകർന്നു തരിപ്പണമാവാൻ ഇനി ഏറെ താമസമില്ലെന്നു താരതമ്യേന അടുത്തകാലംവരെ കമ്യൂണിസ്റ്റുകാർ വിശ്വസിച്ചിരുന്നു. അവരുടെ പ്രതീക്ഷയ്ക്കു നേരേ വിപരീതമായിരുന്നു രണ്ടാം മഹായുദ്ധത്തിനുശേഷം മുതലാളിത്ത രാഷ്ട്രങ്ങളിലുണ്ടായ അത്ഭുതപൂർവമായ സാമ്പത്തികവികസനം. ഉപഭോഗവസ്തുക്കളുടെ എണ്ണത്തിലും ഗുണത്തിലും അളവിലും ഇക്കാലത്തു മുതലാളിത്തരാഷ്ട്രങ്ങളിൽ സംഭവിച്ച വർധന ആരെയും അമ്പരപ്പിക്കുന്നതായിരുന്നു. 'മൂന്നാം വ്യവസായ വിപ്ളവം' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രതിഭാസത്തിനു നേതൃത്വം നൽകിയതു പടിഞ്ഞാറെ യൂറോപ്പും അമേരിക്കൻ ഐക്യരാഷ്ട്രങ്ങളും ജപ്പാനുമാണ്. ഉൽപാദനം വർധിപ്പിക്കുന്നതോടൊപ്പം, തങ്ങളുടെ തൊഴിലാളികളുടെ സാമ്പത്തികപ്രതീക്ഷകൾ നിറവേററി, അവരെ മുതലാളിത്ത വ്യവസ്ഥിതിയുമായി ഏറെക്കുറെ അനുരഞ്ജിപ്പിക്കുന്നതിനുകൂടി ഈ രാഷ്ട്രങ്ങൾക്കു സാധിച്ചു. രാഷ്ട്രീയാധികാരം പിടിച്ചടക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു വിപ്ളവ–തൊഴിലാളിപ്രസ്ഥാനം ആസന്നഭാവിയിലൊന്നും ഈ രാഷ്ട്രങ്ങളിൽ ആവിർഭവിക്കുമെന്ന് ഇന്ന് ആരും സ്വപ്നം കാണുന്നില്ല.

അതേസമയം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തുണ്ടായിരുന്ന വൈരുദ്ധ്യങ്ങൾ ഈ കാലഘട്ടത്തിൽ മൂർച്ഛിക്കുകയുംചെയ്തു. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു നേതൃത്വം നൽകിപ്പോന്ന സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ്പാർട്ടിയുടെ മേധാവിത്വത്തിന്നെതിരെ യൂഗോസ്ലാവിയയിലെയും ചൈനയിലെയും അൽബേനിയയിലെയും കമ്യൂണിസ്റ്റ് പാർട്ടികൾ കലാപത്തിൻെറ കൊടി ഉയർത്തി. ഉല്പാദനോപകരണങ്ങളിൽ പൊതു ഉടമ, ഉല്പാദനപ്രക്രിയയിൽ കേന്ദ്രനിയന്ത്രണം, തൊഴിലാളികളുടെ സർവാധിപത്യം മുതലായ കമ്യൂണിസത്തിൻെറ അടിസ്ഥാന ആശയങ്ങൾ പുനർവിചാരത്തിനു വിധേയങ്ങളായി. ബൂർഷ്വാജനാധിപത്യത്തിൻേറതായ ചട്ടക്കൂടിനകത്തു നടക്കുന്ന തെരഞ്ഞെടുപ്പുകളിലൂടെ കമ്യൂണിസ്റ്റ്പാർട്ടികൾ അധികാരത്തിൽ വരുകയും, കമ്യൂണിസ്റ്റ്ഗവൺമെൻറുകൾ പ്രവർത്തിക്കുന്ന സ്റ്റേററുകളിൽക്കൂടി ബൂഷ്വാപാർട്ടികൾക്കു പ്രവർത്തനസ്വാതന്ത്ര്യം നൽകുകയും വേണമെന്ന് പടിഞ്ഞാറെ യൂറോപ്യൻ രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ്പാർട്ടികൾ സിദ്ധാന്തിച്ചു. തൊഴിലാളികൾ വിപ്ളവത്തിലൂടെ അധികാരം പിടിച്ചടക്കി തൊഴിലാളിവർഗസർവാധിപത്യം സ്ഥാപിക്കുകയെന്ന ക്ലാസ്സിക്കൽ കമ്യൂണിസ്റ്റ് സിദ്ധാന്തത്തിൻെറ നിരസനമായിരുന്നു ഇതു്. കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണത്തിന്നെതിരെ പോളണ്ടിലെ തൊഴിലാളികൾ സുശക്തമായ ഒരു സംഘടന (സോളിഡാരിററി) കെട്ടിപ്പടുത്തപ്പോൾ തൊഴിലാളികളുടെ പാർട്ടി കമ്യൂണിസ്റ്റ്പാർട്ടിയാണെന്ന സിദ്ധാന്തത്തിൻെറയും കടപുഴങ്ങി.

പൊതു—ഉടമയുടെയും കേന്ദ്രനിയന്ത്രണത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കമ്യൂണിസ്റ്റ് സമ്പദ്‌വ്യവസ്ഥിതി, അമേരിക്കയിലെയോ, ജപ്പാനിലെയോ മുതലാളിത്ത സമ്പദ്‌വ്യവസ്ഥിതിയുമായുള്ള മത്സരത്തിൽ ജയിക്കുകയുണ്ടാവില്ലെന്ന ബോധവും ദൃഢമൂലമായി. അളവററ പണവും അധ്വാനവും നിക്ഷേപിച്ച്, വിശാലങ്ങളായ തരിശുഭൂമികൾ കൃഷിയോഗ്യങ്ങളാക്കിയിട്ടും സോവിയററ് യൂണിയനിൽ കാർഷികാഭിവൃദ്ധി ഒരു സ്വപ്നം മാത്രമായി അവശേഷിച്ചു. വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ അമേരിക്കയിൽനിന്ന് സോവിയററ് യൂണിയനിൽ ഇറക്കുമതി ചെയ്യേണ്ടിവന്നു. വ്യവസായങ്ങളുടെ രംഗത്തിലും ലോകരാഷ്ട്രങ്ങൾക്കിടയിൽ സോവിയററ് യൂണിയന് മൂന്നാമത്തെയോ നാലാമത്തെയോ സ്ഥാനംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. കമ്പ്യൂട്ടർ, ടെലിവിഷൻ സെററ് മുതലായ ദീർഘകാലോപഭോഗവസ്തുക്കളുടെ കാര്യത്തിലായാലും, സോപ്പ്, ടൂത്ത്‌പെയ്സ്റ്റ് മുതലായവപോലെയുള്ള നിത്യോപഭോഗവസ്തുക്കളുടെ, കാര്യത്തിലായാലും, വിമാനം, കപ്പൽ തീവണ്ടി എൻജിൻ, മോട്ടോർകാർ മുതലായ വൻകിട ഉപകരണങ്ങളുടെ കാര്യത്തിലായാലും, വൈവിധ്യത്തിലും ഗുണനിലവാരത്തിലും ജപ്പാനും അമേരിക്കയും പടിഞ്ഞാറേ യൂറോപ്പിലെ രാഷ്ട്രങ്ങളും സോവിയററ് യൂണിയനേക്കാൾ എത്രയോ മുന്നിലാണെന്ന് മുതലാളിത്ത രാഷ്ട്രങ്ങളിലുള്ളവർ മാത്രമല്ല, സോവിയററ് യൂണിയനിലുള്ളവർകൂടി ഇപ്പോൾ വിശ്വസിക്കുന്നുണ്ട്.

ഉല്പാദനത്തിനു പററിയ വ്യവസ്ഥിതി മുതലാളിത്തവും ഉല്പാദിത വസ്തുക്കൾ നീതിനിഷ്ഠമായി വിതരണംചെയ്യുന്നതിനു പററിയ വ്യവസ്ഥിതി കമ്യൂണിസവും ആണെന്നുണ്ടോ? അങ്ങനെയാണെങ്കിൽ, ഈ രണ്ടു വ്യവസ്ഥിതികളിലേയും ഗുണങ്ങൾ നിലനിർത്തി, ദോഷങ്ങൾ ഒഴിവാക്കി, ഒരു പുതിയ സങ്കരവ്യവസ്ഥിതി വളർത്തിയെടുക്കാമോ?

'വളർത്തിയെടുക്കാം' എന്നാണ് കിഴക്കേ ജർമനിയിലേയും സോവിയററ് യൂണിയനിലെയും കമ്യൂണിസ്റ്റ് ഭരണാധികൃതർ ഇപ്പോൾ കരുതുന്നതു് എന്നു തോന്നുന്നു. ഉല്പാദനോപകരണങ്ങളിൽ പൊതുഉടമ എന്ന കമ്യൂണിസ്റ്റ് സിദ്ധാന്തം നിലനിർത്തിക്കൊണ്ടുതന്നെ വ്യവസായങ്ങളെ സ്വതന്ത്രങ്ങളും സ്വന്തം നിലയിൽ തീരുമാനങ്ങളെടുക്കുന്നവയുമാക്കുകയും അന്താരാഷ്ട്രീയവിപണിയിലെ തുറന്ന മത്സരത്തിനു വിധേയങ്ങളാക്കി വ്യാവസായികോല്പന്നങ്ങളുടെ വൈവിധ്യവും ഗുണനിലവാരവും ആകർഷകതയും ഉയർത്തുകയുംചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ ഈ രാജ്യങ്ങളിൽ വലിയ തോതിൽ നടന്നുകൊണ്ടിരിക്കുകയാണ്.

1986 ഒക്ടോബർ 26—ലെ 'മോസ്കോന്യൂസ്' വാരികയിൽ മി. അലക്സാണ്ടർ ലെവികോവ് എഴുതുന്നു:

'കിഴക്കേ ജർമനിയിൽ സേവനങ്ങളിൽ മുന്നിൽ രണ്ടും നല്കുന്ന 'കൈത്തൊഴിൽക്കാർ' (ഹാൻഡിക്രാഫ്‌ററ്സ്‌മെൻ) ആണ്. സർക്കാർ ഉടമയിലുള്ള സേവനവ്യവസായങ്ങൾക്കു സമാന്തരമായി അവിടെ 82,000 സ്വകാര്യവ്യവസായങ്ങളും (പ്രൈവററ് എൻറർപ്രൈസസ്) 3,000 സഹകരണ വ്യവസായങ്ങളുമുണ്ട്. ഉപഭോക്താവിന് ഇഷ്ടംപോലെ ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാം. തൊഴിലുടമയ്ക്കും അങ്ങനെയാവാം. അയാൾക്ക് അവൾക്ക്) മൂന്നുതരത്തിലുള്ള (സർക്കാർ പ്രൈവററ് സഹകരണം) സ്വത്തുക്കൾ ഉപയോഗപ്പെടുത്തി ഏതു മേഖലയിൽ വേണമെങ്കിലും ജോലിചെയ്യാം. സർക്കാരിനും ആവാം അതു്. സേവനവ്യവസായത്തെ വികസിപ്പിക്കുവാൻ, 'കൈത്തൊഴിൽക്കാരു'ടെ നിർദേശങ്ങൾ അനുസരിച്ച് സർക്കാർ ധനം നിക്ഷേപിക്കുന്നു.

'ചെറുകിട വ്യവസായികൾ' എന്ന നമ്മുടെ നാട്ടിൽ അറിയപ്പെട്ടുന്നവർതന്നെയാണ് കിഴക്കേ ജർമനിയിലെ 'കൈത്തൊഴിൽക്കാർ' എന്നാണ് അവരെ സംബന്ധിച്ച വിവരണത്തിൽനിന്നു ഞാൻ മനസ്സിലാക്കിയതു്. ഇവർക്കു മൂലധനം ലഭ്യമാക്കുന്നതിനു് ഇന്ത്യയിലുള്ള അതേ സംവിധാനങ്ങൾതന്നെയാണ് ഏറെക്കുറെ കിഴക്കേ ജർമനിയിലുമുള്ളതു് എന്നു തോന്നുന്നു.

ഇനി, സോവിയറ്റ് യൂണിയനിൽ സംഭവിക്കുന്നതെന്താണ്? യുക്രൈനിലെ 'സുമി' എന്ന സ്ഥലത്തു നടക്കുന്ന ഒരു പരീക്ഷണത്തെപ്പറ്റി മി. ലെവികോവ് എഴുതിയതു് ഞാൻ ഉദ്ധരിക്കാം: 'ഭദ്രാസന പ്പള്ളികളും മ്യൂസിയങ്ങളും നിറഞ്ഞ ചരിത്രപ്രസിദ്ധമായ ഭംഗിയുള്ള ഒരു ചെറുപട്ടണമാണു് സുമി. ഈ പട്ടണം ഞാൻ പലകുറി സന്ദർശിച്ചു. 'ലിറററാററുർണായ ഗസ്യേററ' എന്ന പത്രത്തിൽ നാലു ലേഖനങ്ങൾ എഴുതി. 'റൂബിൾ പങ്കിടുന്നതെങ്ങനെ?' എന്നായിരുന്നു ഒരു ലേഖനത്തിന്റെ ശീർഷകം; മററൊന്നിന്റേതു് 'സുമിയും കണക്കുകളും' എന്നും.

സുമിയിലെ 'ഫ്രുൺസ് മെക്കാനിക്കൽ എൻജിനിയറിംഗ് സയൻസ് പ്രൊഡക്‌ഷൻ അസോസിയേഷനി'ൽ സോവിയററ് സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ഒരു പുതിയ പരീക്ഷണം രണ്ടു വർഷമായി നടന്നുകൊണ്ടിരിക്കുകയാണ്. സോവിയററ് യൂണിയനിൽ വ്യവസായവല്ക്കരണം ആരംഭിച്ചതിനുശേഷം ഒന്നാമതായി ഒരു വ്യവസായസ്ഥാപനവും സർക്കാരും തമ്മിൽ 'നികുതിബന്ധങ്ങൾ' സ്ഥാപിക്കപ്പെട്ടിരിക്കുന്നു. രാസവ്യവസായങ്ങൾ വൈദ്യുതീനിലയങ്ങൾ, എണ്ണ—ഗ്യാസ് വ്യവസായങ്ങൾ എന്നിവയ്ക്കു വേണ്ട കമ്പ്രസ്സറുകളും പമ്പുകളും മററു യന്ത്രോപകരണങ്ങളും നിർമിക്കുന്ന ഈ സ്ഥാപനം 1985 ജനുവരിമുതൽ അതിന്റെ വരുമാനത്തെ മാത്രം ആശ്രയിക്കുന്ന (സെൽഫ് ഫിനാൻസിങ്ങ്) ഒന്നായിത്തീർന്നിരിക്കുന്നു.

'ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാരോടു സർക്കാർ പറഞ്ഞു: 'ഉല്പാദനം വർദ്ധിപ്പിക്കുക. പുതിയ ഉല്പാദനവകുപ്പുകൾ ഉണ്ടാക്കുക. ഏററവും പുതിയ യന്ത്രസാമഗ്രികൾ വാങ്ങുക. ജോലിക്കാർക്കു് വീടുകളും വിനോദസൗകര്യങ്ങളും സ്കൂളുകളും നിർമിക്കുക. ഉയർന്ന ഉല്പാദകത്വമുള്ള ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്കും എൻജിനിയർമാർക്കും നല്ല ശമ്പളം നിശ്ചയിക്കുക. പക്ഷേ, ഇതെല്ലാം ചെയ്യുന്നതു് നിങ്ങളുടെ കമ്പനി ഉണ്ടാകുന്ന ലാഭത്തെ (പ്രോഫിററ്) മാത്രം ആശ്രയിച്ചായിരിക്കണം. നിങ്ങളുടെ ലാഭത്തിനു പുറമേ, സർക്കാരോ മന്ത്രിസഭയോ, നിങ്ങൾക്കു് ഒന്നും തരില്ല. കമ്പനി ഒരു റൂബിൾ (ഒരു റൂബിൾ നൂറു കോപ്പെക്ക്) ലാഭമുണ്ടാക്കിയാൽ മുപ്പതു കോപ്പെക്ക് നികുതിയായി സർക്കാരിനു കൊടുക്കണം. എഴുപതു കോപ്പെക്ക് കമ്പനിയ്ക്കു എടുക്കാം.'

'സുമി എൻജിനിയറിംഗ് അസോസിയേഷനു കീഴിൽ ഒട്ടധികം യന്ത്രശാലകളും ഒരു ഗൃഹനിർമാണ ട്രസ്റ്റും ഒരു ഗവേഷണസ്ഥാപനവും ആയിരക്കണക്കിനു തൊഴിലാളികളുമുണ്ടു്. ഈ കൂററൻ സ്ഥാപനം കോടിക്കണക്കിനു റൂബിൾ ലാഭമുണ്ടാക്കുന്നു.'

ഉടമ സർക്കാർ ആയതിനാൽ ഷെയർ ഹോൾഡർമാർക്കു് ഡിവിഡന്റ് കൊടുക്കേണ്ടതില്ല എന്ന കാര്യമൊഴിച്ചാൽ നമ്മുടെ നാട്ടിലെ ഏതെങ്കിലും പ്രൈവററ് ലിമിററഡ് കമ്പനിക്കു തുല്യമാണു് സുമി എൻജിനിയറിംഗ് അസോസിയേഷന്റെ ഇപ്പോഴത്തെ പദവി എന്നാണ് എനിക്കിതു വായിച്ചപ്പോൾ തോന്നിയതു്.

കമ്പനിയുടെ ചുമതല പൂർണമായും അവിടത്തെ തൊഴിൽക്കാരെ ഏല്പിച്ചുകൊടുത്തതിൻെറ ഫലം എന്തായിരുന്നു? മി. ലെവികോവ് എഴുതുന്നു:

'ഈ പരീക്ഷണത്തിൻെറ ഒന്നാം വർഷത്തിൽത്തന്നെ ഉല്പാദനം പതിനാലു ശതമാനത്തിലധികം വർദ്ധിച്ചു. ലാഭത്തിലാകട്ടെ മുപ്പത്തിരണ്ട് ശതമാനം വർദ്ധനയുണ്ടായി. 1986–ൽ ഉല്പാദനവും ലാഭവും ഇത്ര പോരാ എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇന്നുള്ളത്ര തൊഴിലാളികളെ വെച്ചുകൊണ്ട് വരുന്ന അഞ്ചു വർഷങ്ങളിൽ ഉല്പാദനം അറുപതു ശതമാനവും ലാഭം നൂററമ്പതു് ശതമാനവും വർദ്ധിപ്പിക്കാമെന്ന് അവർ ആശിക്കുന്നു. രണ്ടുകോടിയോളം റൂബിളിനുള്ള പുതിയ കോൺട്രാക്ററുകൾ അവർക്കു കിട്ടിയിട്ടുണ്ട്. എണ്ണവ്യവസായത്തിനുവേണ്ടി ജാപ്പനീസ്—ഫ്രഞ്ച് യന്ത്രങ്ങളോടു കിടനിൽക്കുന്ന ഉയർന്ന സാങ്കേതിക(ഹൈടെക്)യന്ത്രങ്ങൾ ഉണ്ടാക്കാൻ അവർ തുടങ്ങിയിട്ടുമുണ്ട്. ലാഭത്തിൽനിന്ന് വലിയ ഒരു തുക കമ്പനിക്കു മുതൽകൂട്ടിയിരിക്കുന്നു. ഉല്പാദനവികസനത്തിനും സാമൂഹ്യ—സാംസ്കാരികപ്രവർത്തനങ്ങൾക്കും തൊഴിലാളികൾക്ക് ഭൗതിക—ഉത്തേജകങ്ങൾ നൽകാനും ഇതു് ഉപയോഗിക്കും. സുമി സ്ഥാപനത്തിൽ ശരാശരി മാസശമ്പളം 250 റൂബിൾ ആണ്. പക്ഷേ, 400 റൂബിൾ ശമ്പളം വാങ്ങുന്ന തൊഴിലാളികൾ ഉള്ള വിഭാഗങ്ങൾ അവിടെ ഞാൻ സന്ദർശിച്ചു. ഒരു ഫോർമാൻെറ ഔദ്യോഗിക ശമ്പളം 140 റൂബിളാണ്. ഇവിടെ അയാൾ ക്കു് 350 റൂബിൾ കിട്ടുന്നു. മെഷീൻ ടൂൾ ഓപ്പറേററർമാർക്കു് ഇവിടെ പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നു. മൂന്നുമാസത്തിലൊരിക്കൽ ഇവിടത്തെ എൻജിനിയർമാർക്ക് ഒന്നരമാസത്തെ ശമ്പളം ബോണസ്സായി കിട്ടുന്നു. ലാഭം വർദ്ധിപ്പിക്കാനുള്ള ആഗ്രഹം നിമിത്തം ഈ സ്ഥാപനത്തിൽ എല്ലാവരും കൂടുതൽ ശുഷ്കാന്തിയോടെ അദ്ധ്വാനിക്കുന്നു; അസംസ്കൃത വിഭവങ്ങളുടെ ദുർവ്യയം ഒഴിവാക്കുകയുംചെയ്യുന്നു. ഈ സ്ഥാപനത്തിലെ ഡയറക്ടർ ജനറൽ എന്നോടു് പറഞ്ഞു: 'ലാഭം എന്നതു് ഞങ്ങൾക്ക് ഒരു അമൂർത്ത സങ്കല്പം അല്ലാതായിരിക്കുന്നു. ഞങ്ങൾ ലാഭത്തിനുവേണ്ടി പണിയെടുക്കുന്നു. ലാഭമാണ് ഞങ്ങൾക്ക് അന്നത്തെ ഭക്ഷണം നൽകുന്നതു്.'

വ്യവസായങ്ങളിൽ ദുർവ്യയം ഒഴിവാക്കാനും ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്താനും മൂലധനനിക്ഷേപമോ, സാങ്കേതികവിദ്യയോ മാത്രം പര്യാപ്തമാവുകയില്ലെന്ന് അനുഭവം സോവിയററ്നേതാക്കളെ പഠിപ്പിച്ചിട്ടുള്ളതായി മി. ലെവികോവ് പറയുന്നു. 'തങ്ങളുടെ പ്രവൃത്തിമണ്ഡലങ്ങളിൽ വ്യക്തികളും സഹകരണസ്ഥാപനങ്ങളും ശരിക്കും ഉടമകൾ ആവണം. ഈ ഉടമബോധം ഉണ്ടാകണമെന്നു വളരെക്കാലമായി ഞങ്ങൾ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, അതു് ഉണ്ടാവുക സാദ്ധ്യമാണോ? അല്ലെന്ന് എനിക്കു് ഉറപ്പുണ്ട്. അങ്ങനെയൊന്നും വളർത്തിയെടുക്കാൻ കഴിയാത്ത ഒന്നാണ് ഉടമബോധം. സ്വന്തം നിത്യവൃത്തി സമ്പാദിക്കുകയും, സ്വന്തം കാര്യങ്ങൾ നടത്തുകയും, തൻെറ സ്വത്തിൻെറ കൈകാര്യകർത്തൃത്വം സ്വയം വഹിക്കുകയും, സ്വന്തം ലക്ഷ്യങ്ങൾ നേടാൻവേണ്ട സാധനങ്ങൾ കൈയിൽ വെക്കുകയുംചെയ്യുന്ന ആളാണ് ഉടമ.' ഒരു തൊഴിലാളിയേയോ ഡയറക്ടറേയോ ഈ പദവിയിൽ കൊണ്ടുചെന്നു നിർത്തുക—അയാളിൽ ഉടമബോധം തനിയെ ഉണരും. ഈ അവകാശങ്ങൾ അയാളിൽനിന്ന് എടുത്തുമാററുക—(മുമ്പു നടന്നിരുന്നതു് അതാണ്)—അപ്പോൾ, 'അന്യൻെറ സ്വത്തു്' ആയ സർക്കാർ കമ്പനിയോടു് അയാൾക്കു തികഞ്ഞ ഔദാസീന്യം വന്നുപെടുന്നു.

'സോവിയററ് യൂണിയനിലെ എല്ലാ സ്വത്തിനും ഓരോ സോവിയററ് പൗരനും സഹ–ഉടമയാണെന്ന സിദ്ധാന്തം, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, വളരെയേറെ അമൂർത്തമാണ്. താൻ ജോലി ചെയ്യുന്ന കമ്പനിയുടെ ഉടമയാണ് താൻ എന്ന ബോധം തൊഴിലാളിക്ക് ഉണ്ടാകുന്നില്ലെന്നതുപോകട്ടെ, താൻ പ്രവർത്തിപ്പിക്കുന്ന യന്ത്രത്തിൻെറപോലും ഉടമ തനിക്കാണെന്ന് അയാൾ കരുതുന്നില്ല. കമ്പനിയിലെ ഡയറക്ടരുടെ സ്ഥിതിയും അതുതന്നെ. എല്ലാ പൗരന്മാരുടെയും കൂട്ടുടമ എന്ന സോഷ്യലിസ്റ്റ് സിദ്ധാന്തം നിലനിർത്തിക്കൊണ്ടുതന്നെ, തൊഴിലാളികൾക്കും ഡയറക്ടർക്കും തങ്ങൾ കമ്പനി ഉടമകളാണെന്ന ബോധം വരുത്തേണ്ട ആവശ്യമുണ്ട്.

'ലാഭം എന്ന സങ്കല്പനം സോഷ്യലിസത്തിനെതിരാണോ? എതിരാണെന്ന് കരുതുന്നവരെ 'മുരട്ടുവാദക്കാർ' എന്നു ഞങ്ങൾ വിളിക്കുന്നു.

'ഈ പറഞ്ഞതിനർത്ഥം കേന്ദ്ര പ്ലാനിങ് ഉപേക്ഷിക്കുന്നു എന്നല്ല, പ്ലാനിങ് കൂടുതൽ അയവുള്ളതാക്കിത്തീർക്കുന്നു എന്നു മാത്രമാണ്. ഏററവും പുതിയ സങ്കേതവിദ്യ ,ഉപയോഗപ്പെടുത്തി ഉപഭോഗസാധനങ്ങളോ സേവനങ്ങളോ നിർമിക്കുന്നതു് കേന്ദ്രത്തിൽനിന്നു മുൻകൂട്ടി നിശ്ചയിച്ചമാതിരിയേ ആയിക്കൂടൂ എന്നില്ല. ഉപഭോക്താക്കളിൽനിന്നുള്ള ആവശ്യമനുസരിച്ചും, സ്വയം ഭരിക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ മുൻകൈവഴിയുമായിരിക്കും, പല കാര്യങ്ങളിലും, പദ്ധതികൾ തയ്യാറാക്കുക.'

സുമി പരീക്ഷണത്തിൽ വിജയമെന്നു തെളിഞ്ഞുകഴിഞ്ഞ, സ്വന്തം വരുമാനത്തെമാത്രം ആശ്രയിക്കുക(സെൽഫ്ഫിനാൻസിങ്)എന്ന പരീക്ഷണം 1987–മുതൽ സോവിയററ് സമ്പദ്‌വ്യവസ്ഥയിലെ പരമപ്രധാനങ്ങളായ അഞ്ചു മേഖലകളിലേക്കു വ്യാപിപ്പിക്കുമെന്ന് മി. ലെവികോവ് പറയുന്നു. എണ്ണയും രാസ–എൻജിനീയറിങ്ങും, യന്ത്രോപകരണങ്ങളുടെയും ആട്ടോമേഷൻ–കൺട്രോൾ ഉപകരണങ്ങളുടെയും നിർമാണം, മോട്ടോർവ്യവസായം, എണ്ണശുദ്ധീകരണവും പെട്രോ–കെമിക്കൽ വ്യവസായവും, സമുദ്രോല്പന്നവ്യവസായം എന്നിവയാണ് ഈ മേഖലകൾ. അല്പം ചില നിയന്ത്രണങ്ങളോടെയാണെങ്കിലും, 1987 മുതൽ ഉപഭോഗസാധനവ്യവസായങ്ങളിലും സേവനവ്യവസായങ്ങളിലും ഗതാഗതവ്യവസായത്തിലും ഗൃഹനിർമാണവ്യവസായത്തിലും കോസ്റ്റ്–എക്കൗണ്ടിങ് തത്ത്വം നടപ്പിൽ വരുത്തും. അന്താരാഷ്ട്രീയ മാർക്കററിൽ കൂടുതൽ പ്രവേശം സോവിയററ് വ്യവസായങ്ങൾക്ക് കൈവരുത്തുന്നതിനുവേണ്ടി വിദേശവ്യാപാരനയത്തിലും ആവശ്യമായ നീക്കുപോക്കുകൾ വരുത്തുന്നതാണ്.

'സോവിയററ് സാമ്പത്തിക പുനസ്സംഘടന മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതിനെ ഇനി പിന്നോട്ടു തിരിച്ചുവിടാനാവില്ല. സോവിയററ് ജനതയ്ക്കു് അതിൽനിന്നു വളരെയേറെ പ്രതീക്ഷകളുണ്ട്, അവർ അതിൽ മുഴുകിയിരിക്കുകയുമാണ്. പരിവർത്തനത്തിൻെറ ഊർജ്ജം നിറഞ്ഞ, ക്രിയാത്മകരായ, ആശാവാദികളാണ് അവർ. എങ്കിലും സന്ദേഹവാദികളും നിരാശാവാദികളും സോവിയററ് യൂണിയനിൽ ഇല്ലായ്കയില്ല. മാററങ്ങൾക്ക് തുറന്നോ, മറഞ്ഞോ തടസ്സം സൃഷ്ടിക്കുന്ന ചിലരും ഉണ്ട്. അവർക്ക് സമൂഹത്തിൻെറ പഴയ സ്ഥിതിയായിരുന്നു ഗുണകരം; കാരണം, മററുള്ളവരുടെ ചെലവിൽ അവർ പലതും തട്ടിയെടുത്തു; ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറി അവർ സ്വന്തം നേട്ടങ്ങളിൽ വീമ്പു നടിച്ച് ഇരുന്നു. പുതിയ വ്യവസ്ഥിതിയിൽ കൈക്കൂലിക്കാർക്കും തട്ടിപ്പുകാർക്കും സന്തോഷം തോന്നാനും പ്രയാസം. പുനസ്സംഘടന എന്നാൽ, സംഘർഷം എന്നാണ് അർത്ഥം.

സംഘർഷത്തിന്റെ മാർഗം ഏതുകാലത്തും ഇതാണ്'' എന്ന് മി. ലെവിക്കോവ് തന്റെ ലേഖനം ഉപസംഹരിക്കുന്നു.

മുതലാളിത്തവ്യവസ്ഥയിലെ ഊർജസ്രോതസ്സുകളായ വൈയക്തിക—സാമ്പത്തിക താല്പര്യങ്ങളെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ഒട്ടിച്ചുചേർത്ത്, ഉല്പാദനവും ഉല്പന്നങ്ങളുടെ ഗുണനിലവാരവും ഉപഭോക്താക്കളുടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള ഈ പരിശ്രമത്തിന്റെ ദീർഘകാലഫലം എന്തായിരിക്കും? സ്വകാര്യ സ്വത്ത്, മിച്ചമൂല്യം, ലാഭം മുതലായവ സംബന്ധിച്ച മാർക്സിന്റെ മൗലികസിദ്ധാന്തങ്ങളിൽ എന്തെല്ലാം തിരുത്തലുകളാണ്, സോവിയററ് യൂണിയനിലെ സമ്പദ്‌വ്യവസ്ഥയുടെ ഈ പുനസ്സംഘടനമൂലം ആവശ്യമായി വന്നിട്ടുള്ളത്? ഷെയറുകളിലൂടെ ഉടമ സാധാരണക്കാരിലേക്ക സംക്രമിപ്പിക്കുകവഴി മുതലാളിത്തവും, ജനാധിപത്യവും സ്വയം നിർണയാവകാശവും വ്യാപകമാക്കുകവഴി സോഷ്യലിസവും പരസ്പരം അടുത്ത്, ഒരു പുതിയ ലോകസമ്പദ്‌വ്യവസ്ഥിതി രൂപംകൊള്ളുമെന്ന (കൺവെർജൻസ്) സിദ്ധാന്തം ഒരു ഭൗതിക യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണോ?

പല പാർട്ടികളുമായി പിരിഞ്ഞ്, അടുത്ത തെരഞ്ഞെടുപ്പുമാത്രം മുന്നിൽക്കണ്ട്, പരസ്പര കലഹങ്ങളിൽ മുഴുകിക്കഴിയുന്ന കേരളത്തിലെ മാർക്സിസ്റ്റ് 'ബുദ്ധിജീവികൾ' ഇത്തരം അടിസ്ഥാനപ്രശ്നങ്ങളിലേക്കുകൂടി അല്പം ശ്രദ്ധ തിരിക്കുന്നതു നന്നായിരിക്കും. കഥ അറിഞ്ഞ് ആട്ടം കാണുന്നത് (ആടുന്നതും) ആണല്ലോ നല്ലത്.

(16 നവംബർ, 1986)

# 9. രണ്ടായിരാമാണ്ട്: മനുഷ്യവർഗത്തിന്റെ അവസാനം?

അററ്ലാൻറിക് കടലിന്റെ വടക്കുഭാഗത്ത്, ഉത്തരധ്രുവത്തോടടുത്ത്, റഷ്യയിൽനിന്നും അമേരിക്കയിൽനിന്നും തുല്യദൂരത്തിൽ കിടക്കുന്ന വലിയ ഒരു ദ്വീപാണ് ഐസ്‌ലാൻഡ്. ഡെന്മാർക്കിന്റെ കീഴിലായിരുന്ന ഐസ്‌ലാൻഡ് ഒരു സ്വതന്ത്ര—ജനാധിപത്യ രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടതു് 1944—ൽ മാത്രമാണ്. ഒരുലക്ഷത്തിലേറെ ചതുരശ്ര കിലോമീററർ വിസ്താരമുള്ള ഐസ്‌ലാൻഡിൽ രണ്ടര ലക്ഷത്തിൽ താഴെ ജനങ്ങളേ ഉള്ളൂ. ഐസ്‌ലാൻഡിന്റെ തലസ്ഥാനമായ റെയ്ക്ജാവിക്കിൽ എൺപത്തയ്യായിരത്തിലേറെ മാത്രമാണ് ജനസംഖ്യ. അന്താരാഷ്ട്രീയ സമ്മർദങ്ങളിൽനിന്നെല്ലാം അകന്നൊഴിഞ്ഞും, ആണ്ടിൽ അധികം മാസങ്ങളിലും തണുത്ത് ഉറഞ്ഞും, കിടക്കുന്ന ഈ നഗരത്തിൽ പ്രേതബാധയുള്ളതായി കരുതപ്പെട്ടിരുന്ന ഒരു കെട്ടിടത്തിൽ, 1986 ഒക്ടോബർ 11, 12 തീയതികളിൽ, അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റേയ്ഗനും സോവിയററ് കമ്യൂണിസ്റ്റ്പാർട്ടി സെക്രട്ടറി മിഖായേൽ ഗോർബച്ചേവും ചേർന്നു നാലുവട്ടം സംഭാഷണങ്ങൾ നടത്തി. താഴെ പറയുന്ന മൂന്നു കാര്യങ്ങളിൽ അമേരിക്കയും റഷ്യയും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ കഴിയുമോ എന്നറിയാനായിരുന്നു ഈ സംഭാഷണങ്ങൾ.

1. അണു ആയുധങ്ങളുടെ പരീക്ഷണസ്ഫോടനം നിരോധിക്കുക.